**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് ആശുപത്രികളിലെ ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ പോലീസ് ആശുപത്രികളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മെഡിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം 8, എറണാകുളം 3, കണ്ണൂർ 1 എന്നിങ്ങനെ നിലവിൽ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | അന്യത്ര സേവനവ്യവസ്ഥ ചട്ടങ്ങൾ പാലിച്ചാണോ നിയമനം നടത്തുന്നത്; വിശദമാക്കാമോ; പ്രസ്തുത നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അന്യത്ര സേവനവ്യവസ്ഥ ചട്ടങ്ങൾ പാലിച്ചാണ് നിയമനം നടത്തിവരുന്നത്. അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നു. തുടർന്ന് ഒഴിവുകൾ നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും യോഗ്യരായവരുടെ പാനൽ നിരാക്ഷേപപത്രം സഹിതം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് നടപടിക്രമം |
| (സി) | മുൻ കാലങ്ങളിൽ മെഡിക്കൽ ഓഫീസർമാർ ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വഴി വർഷങ്ങളായി വിവിധ സ്ഥാപനങ്ങളിൽ തുടരുന്നതിൽ അഴിമതി നടന്നിട്ടുണ്ടോ എന്നുള്ള കാര്യം അന്വേഷണത്തിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ട്രാൻസ്ഫർ വഴി നിയമിതരായ മെഡിക്കൽ ഓഫീസർമാർ എത്ര വർഷം വരെ ഇങ്ങനെ വിവിധ സ്ഥാപനങ്ങളിൽ തുടർന്നു എന്നുള്ള കാര്യം വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ? | (ഡി) | നിലവിൽ ട്രാൻസ്ഫർ വഴി നിയമിക്കപ്പെട്ടവരില്ല. |

സെക്ഷൻ ഓഫീസർ